"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - വൈപ്പിൻ വസന്തോത്സവം 2023 - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.169/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. ബഹു. വൈപ്പിൻ എം.എൽ.എ ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ സമർപ്പിച്ച 31.10.2023 ലെ KNU/MLA/VPN/23-808 നമ്പർ കത്ത്.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 03.01.2024 ലെ DOT/15054/2023-എം1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2023 നവംബർ 8,9 തീയതികളിൽ ചെറായി ബീച്ചിലെ വോയിറ്റോ വില്ലയിൽ സൌത്ത് സോൺ കൾച്ചറൽ സെൻററിന്റെ സഹകരണത്തോടെയും ലോകധർമി നാടക വീടിന്റെ ഏകോപനത്തോടെയും കൂടി സംഘടിപ്പിക്കുന്ന വൈപ്പിൻ മഹോത്സവത്തിന് സാമ്പത്തിക സഹായം അനുവദിച്ചു നൽകണമെന്ന് ബഹു. വൈപ്പിൻ എം.എൽ.എ ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. പ്രസ്തുത പരിപാടിക്ക് "3452-80-104-99 "പൈതൃകം,പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും പരിപോഷണവും "(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും തുക അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈപ്പിൻമണ്ഡലത്തിലെ വിനോദസഞ്ചാരമേഖലയ്ക്കും സാംസ്കാരിക മേഖലയ്ക്കും ഉണർ വേകുന്നതിനായി, ചെറായി ബീച്ചിലെ വോയിറ്റോ വില്ലയിൽ, 2023 നവംബർ 8,9 തീയതികളിൽ സംഘടിപ്പിച്ച വൈപ്പിൻ വസന്തോത്സവം 2023-ന് 3452-80-104-99-പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും പരിപോഷണവും (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ₹25,000/-രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം)അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4.ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് , തുക കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനകം, സംഘാടകർ/സൌത്ത് സോൺ കൾച്ചറൽ സെന്റർ/ ലോകധർമി നാടക വീട് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത , വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 16-03-2024 17:50:21
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്